**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1975** **02-02-2024 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷങ്ങളുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ന്യൂനപക്ഷങ്ങളുടെ ഉന്നമനത്തിനായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്;വിശദമാക്കാമോ ; | (എ) | **ന്യൂനപക്ഷങ്ങളുടെ ഉന്നമനത്തിനായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെയും സ്കോളർഷിപ്പുകളുടെയും വിശദാംശങ്ങൾ അനുബന്ധം -ആയി ചേർക്കുന്നു.** |
| (ബി) | ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് നൽകിക്കൊണ്ടിരിക്കുന്ന സ്കോളർഷിപ്പുകൾ ഏതൊക്കെയാണെന്ന് തരം തിരിച്ച് വിശദമാക്കാമോ? | (ബി) | **ന്യൂനപക്ഷങ്ങളുടെ ഉന്നമനത്തിനായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെയും സ്കോളർഷിപ്പുകളുടെയും വിശദാംശങ്ങൾ അനുബന്ധം -ആയി ചേർക്കുന്നു.** |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## നൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് വഴി നടപ്പാക്കുന്ന പദ്ധതികൾ

വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, തൊഴിൽ നൈപുണ്യ വികസന പദ്ധതികൾ, അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി ജൻവികാസ് കാര്യക്രം , ന്യൂനപക്ഷ മതവിഭാഗങ്ങളിലുള്ളവർക്ക നൽകുന്ന വിവാഹപൂർവ്വ കൗൺസിലിംഗ് പ്രോഗ്രാം ആയ Pathway Social Wellness എന്നീ പദ്ധതികളാണ് ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി സംസ്ഥാനത്ത് നടപ്പിലാക്കുന്നത്.

### 1. സ്കോളർഷിപ്പ് പദ്ധതികൾ

#### 1) എ.പി.ജെ.അബ്ദുൾ കലാം സ്കോളർഷിപ്പ്

സർക്കാർ/എയ്ഡഡ്/സർക്കാർ അംഗീകൃത സ്വാശ്രയ പോളി ടെക്നിക്കുകളിൽ ത്രിവത്സര ഡിപ്ലോമ കോഴ്സിന് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പ്രതിവർഷം 6000/- രൂപ സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയാണിത്. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന. ഇവരുടെ അഭാവത്തിൽ കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപ വരെയുള്ള എ.പി.എൽ വിഭാഗത്തിൽപ്പെട്ടവരെയും പരിഗണിക്കും. രണ്ടാം വർഷക്കാരേയും മൂന്നാം വർഷക്കാരേയും സ്കോളർഷിപ്പിനായി പരിഗണിക്കുന്നതാണ്. ഒറ്റത്തവണ മാത്രമേ സ്കോളർഷിപ്പ് ലഭിക്കുകയുള്ളൂ. സ്കോളർഷിപ്പിന്റെ **30%** പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. പെൺകുട്ടികളുടെ അഭാവത്തിൽ ആൺകുട്ടികളെ പരിഗണിക്കും.

#### 2) സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ്

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലകളില് പിന്നാക്കം നില്ക്കുന്ന ന്യൂനപക്ഷ വിഭാഗങ്ങളിലെ പെണ്കുട്ടികള്ക്ക് വിദ്യാഭ്യാസപരമായ പുരോഗതി ലക്ഷ്യം വച്ച് സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്ന പദ്ധതിയാണിത്. ബിരുദത്തിന് പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് **5000/** രൂപ വീതവും, ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് **6000/** രൂപ വീതവും പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് **7000/** രൂപ വീതവും ഹോസ്റ്റൽ സ്റ്റൈപ്പന്റ് ഇനത്തിൽ **13000/** രൂപ വീതവും (ഹോസ്റ്റൽ സ്റ്റൈപ്പന്റ്/പ്രതിവർഷ സ്കോളർഷിപ്പ് ഇവയിൽ ഏതെങ്കിലും ഒന്ന്) പ്രതിവർഷം നൽകുന്നു. അപേക്ഷകയുടെ കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപയിൽ താഴെ ആയിരിക്കണം. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന നൽകുന്നു.

#### 3) പ്രൈവറ്റ് ഐ.റ്റി.ഐ- ഫീ റീ- ഇംമ്പേഴ്സ് മെൻറ് സ്കീം

സർക്കാർ അംഗീകൃത സ്വകാര്യ പ്രൈവറ്റ് ഐ.റ്റി.ഐ- കളിൽ ഒരു വർഷം/രണ്ട് വർഷം കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം **10,000/-** രൂപ, **20,000/-** രൂപ എന്ന തോതിലാണ് സാമ്പത്തിക

സഹായം നൽകുന്നത്. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന. ഇവരുടെ അഭാവത്തിൽ കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള എ.പി.എൽ വിഭാഗത്തിൽപ്പെട്ടവരെയും പരിഗണിക്കും. **10%** പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. പെൺകുട്ടികളുടെ അഭാവത്തിൽ ആൺകുട്ടികളെ പരിഗണിക്കും.

4) **ASAP, KITTS, KASE മുഖേന നൈപുണ്യ പരിശീലന പദ്ധതി**

തൊഴിലില്ലാത്ത ന്യൂനപക്ഷ യുവതീ യുവാക്കൾക്ക് രണ്ട് സ്കീമുകളിലായി നൈപുണ്യ പരിശീലനം നൽകുന്ന പദ്ധതിയാണിത്. **ASAP, KITTS, KASE** മുഖേന നൈപുണ്യ പരിശീലനം നൽകുന്ന പദ്ധതിയാണിത്. വൈദഗ്ധ്യം നേടിയ വിദ്യാർത്ഥികൾക്ക് ഏജൻസികൾ വഴി ഇൻഡസ്ട്രി ടൈ-അപ്പുകളും പ്ലേസ്മെന്റ് ലിങ്കേജുകളും നടത്താനാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.

5) **സി.എ/സി.എം.എ/ സി.എസ് സ്കോളർഷിപ്പ്**

സി.എ/സി.എം.എ/സി.എസ് കോഴ്സുകളിൽ ഫൈനൽ, ഇന്റർമീഡിയേറ്റ് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് **15,000/** രൂപ വീതമാണ് സ്കോളർഷിപ്പ്. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന. ഇവരുടെ അഭാവത്തിൽ കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള എ.പി.എൽ വിഭാഗത്തിൽപ്പെട്ടവരെയും പരിഗണിക്കും. ഇതിൽ 50% സ്കോളർഷിപ്പ് പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. പെൺകുട്ടികളുടെ അഭാവത്തിൽ ആൺകുട്ടികളെ പരിഗണിക്കും.

6) **യു.ജി.സി/സി.എസ്.ഐ.ആർ/നെറ്റ് കോച്ചിംഗ്**

ഇന്ത്യൻ യൂണിവേഴ്സിറ്റികളിലും/ കോളേജുകളിലും അസിസ്റ്റന്റ് പ്രൊഫസർ/ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പിന് തയ്യാറെടുക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പരിശീലനം നല്കുന്ന പദ്ധതിയാണിത്. യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷനുവേണ്ടി എൻ.റ്റി.എ (നാഷണൽ ടെസ്റ്റിംഗ് ഏജൻസി) മുഖേന യോഗ്യത പരീക്ഷ നടത്തുന്നു. തിരഞ്ഞെടുക്കപ്പെട്ട യൂണിവേഴ്സിറ്റി, കോളേജുകൾ മുഖേന ഈ പദ്ധതി നടപ്പിലാക്കുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ന്യൂനപക്ഷ വിഭാഗങ്ങളുടെ തൊഴില് യോഗ്യതയും പ്രാതിനിധ്യവും വർദ്ധിപ്പിക്കുന്ന പദ്ധതി.

7) **ഐഐടി/ഐഐഎം/ഐഐഎസ് സി,ഐഎംഎസ് സി എന്നീ കോഴ്സുകളിൽ പഠിച്ചു കൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്**

ഐഐടി, ഐഐഎം, ഐഐഎസ്‌സി, ഐഎംഎസ് സി എന്നിവയ്ക്ക് കീഴിൽ ബിരുദാന ന്തര ബിരുദ കോഴ്സുകൾക്ക് പഠിക്കുന്ന യോഗ്യരായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പ്രതിവർഷം **50,000/** രൂപ നൽകുന്ന സ്കോളർഷിപ്പ് പദ്ധതിയാണിത്. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന. ഇവരുടെ അഭാവത്തിൽ കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള എ.പി.എൽ വിഭാഗത്തിൽപ്പെട്ടവരെയും പരിഗണിക്കും.

8) <u>മദർതേരേസ സ്കോളർഷിപ്പ്</u>

കേരളത്തിലെ ഗവൺമെന്റ് നേഴ്സിംങ് സ്കൂളുകളിൽ ജനറൽ നേഴ്സിംഗ്/ മറ്റു സ്ഥാപനങ്ങളിൽ പാരാ മെഡിക്കൽ ഡിപ്ലോമ കോഴ്സുകളിൽ മെരിറ്റ് സീറ്റിൽ അഡ്മിഷൻ നേടുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പ്രതിവർഷം **15,000/** രൂപ സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയാണിത്. അപേക്ഷകർ യോഗ്യതാ പരീക്ഷയിൽ 45%-ൽ കുറയാത്ത മാർക്ക് നേടിയവരായിരിക്കണം. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന. ഇവരുടെ അഭാവത്തിൽ കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള എ.പി.എൽ വിഭാഗത്തിൽപ്പെട്ടവരെയും പരിഗണിക്കും. ഇതിൽ 50% സ്കോളർഷിപ്പ് പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. പെൺകുട്ടികളുടെ അഭാവത്തിൽ ആൺകുട്ടികളെ പരിഗണിക്കും.

9) <u>പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്</u>

ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട എസ്.എസ്.എൽ.സി/ടി.എച്ച്.എസ്.എൽ.സി/പ്ലസ്ടു/ വി.എച്ച്.എസ്.ഇ തുടങ്ങിയവക്ക് എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡ് നേടിയവർക്ക് **10,000/** രൂപയും, ബിരുദത്തിന് 80%-മാർക്ക്, ബിരുദാനന്തര ബിരുദത്തിന് 75%-മാർക്ക് നേടി വിജയിച്ചവർക്കും **15,000/** രൂപ സ്കോളർഷിപ്പ് അവാർഡ് നൽകുന്ന പദ്ധതിയാണിത്. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന. ഇവരുടെ അഭാവത്തിൽ കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള എ.പി.എൽ വിഭാഗത്തിൽപ്പെട്ടവരെയും പരിഗണിക്കും.

10) <u>സിവിൽ സർവ്വീസ് ഫീ-റീ ഇംമ്പേഴ്സ്മെൻറ് സ്കീം</u>

സിവില്‍ സർവ്വീസ് പരീക്ഷക്ക് തയ്യാറെടുക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ ഉദ്യോഗാര്‍ത്ഥികള്‍ക്ക് കോഴ്സ് ഫീ/ ഹോസ്റ്റൽ ഫീസ് റീഇംബേഴ്സ്മെന്‍റ് പദ്ധതി. ഒരു ഉദ്യോഗാർത്ഥിക്ക് കോഴ്സ് ഫീ ഇനത്തിൽ **20,000/** രൂപയും, ഹോസ്റ്റൽ ഫീ ഇനത്തിൽ **10,000/** രൂപയും പരമാവധി നൽകും. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന. ഇവരുടെ അഭാവത്തിൽ കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള എ.പി.എൽ വിഭാഗത്തിൽപ്പെട്ടവരെയും പരിഗണിക്കും.

11) <u>വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ്</u>

സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് വിദേശ സർവ്വ കലാശാലകളിൽ ബിരുദ-ബിരുദാനന്തര-പി.എച്ച്.ഡി കോഴ്സുകൾക്ക് ഉന്നത വിദ്യാഭ്യാസം നടത്തുന്നതിന് സ്കോളർഷിപ്പ് പദ്ധതിയാണിത്. വിദേശ ഉപരി പഠനത്തിനായി വിദ്യാർത്ഥികൾ ദേശസാൽകൃത/ ഷെഡ്യൂൾഡ് ബാങ്കിൽ നിന്നോ, ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനിൽ നിന്നോ എടുക്കുന്ന വിദ്യാഭ്യാസ വായ്പയുടെ സബ്സിഡി സഹായ ധനമായാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. പരമാവധി **5,00,000/-** രൂപയാണ് സ്കോളർഷിപ്പ് തുക. അപേക്ഷകയുടെ കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപയിൽ താഴെയുള്ളവരും

ആയിരിക്കണം. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന നൽകുന്നു.

12) **ഇബ്രാഹീം സുലൈമാൻ സേട്ട് ഉർദു സ്കോളർഷിപ്പ് അവാർഡ്**

ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് നേടിയ എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്കും ഉറുദു രണ്ടാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് നേടിയ ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കും ക്യാഷ് അവാർഡ് നൽകുന്ന പദ്ധതിയാണിത്. ഒരു വിദ്യാർത്ഥിക്ക് 1000/- രൂപാ നിരക്കിൽ ക്യാഷ് അവാർഡ് നൽകുന്നു. ടി സ്കോളർഷിപ്പ് അപേക്ഷിക്കുന്ന എല്ലാ വിഭാഗക്കാർക്കും നൽകി വരുന്നു.

കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന പദ്ധതികളാണ് ബീഗം ഹസ്രത്ത് മഹൽ നാഷണൽ സ്കോളർഷിപ്പ്, ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ്, പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് എന്നിവ.

## 2. തൊഴിൽ നൈപുണ്യ വികസന പദ്ധതികൾ

1. അംഗീകാരമുള്ള പ്രൈവറ്റ് ഐ.റ്റി.ഐ.കളിൽ പഠിയ്ക്കുന്ന ന്യൂനപക്ഷ മത വിഭാഗങ്ങളിലെ കുട്ടികൾക്കുള്ള ഫീ-റീഇംബേഴ്സ്മെന്റ് സ്കീം & അസാപ് മുഖേന നൈപുണ്യ പരിശീലന പരിപാടി.
2. ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് (പത്താംതരവും, പ്ലസ് ടുവും) വേണ്ടിയുള്ള കരിയർ ഗൈഡൻസ് പരിശീലന പരിപാടി.
3. വിഹാഹിതരും,വിവാഹ ജീവിതത്തിലേയ്ക്ക് പ്രവേശിക്കാൻ തയ്യാറെടുക്കുന്നവരുമായ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട യുവതീ-യുവാക്കൾക്ക് കൗൺസലിംഗ് - പാത്ത് വേ സോഷ്യൽ ലൈഫ് വെൽനസ് പ്രോഗ്രാം

## 3. അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

1. നിർധനരായ ന്യൂനപക്ഷ മതവിഭാഗത്തിലെ വിധവകൾക്കുള്ള ഭവന പുനരുദ്ധാരണ പദ്ധതി

2.ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി.

## 4.കേന്ദ്രാവിഷ്കൃത പദ്ധതി

ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ സാമൂഹ്യ ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത അടിസ്ഥാന സൗകര്യ വികസന പദ്ധതിയായ പ്രധാൻമന്ത്രി ജനവികാസ് കാര്യക്രം എന്ന പദ്ധതിയും 60 : 40 അനപാതത്തിലുള്ള കേന്ദ്ര സഹായത്തോടെ സംസ്ഥാനത്തു നടപ്പിലാക്കിവരുന്നു.

## കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ് വഴി നടപ്പിലാക്കിവരുന്ന പദ്ധതികൾ

കേരള മദ്രസ്സ അദ്ധ്യാപക ക്ഷേമനിധി പദ്ധതിയിൽ അംഗത്വമെടുക്കുന്ന മദ്രസ്സ അദ്ധ്യപകർക്കായി വിവാഹ ധനസഹായം, ചികിത്സാ ധനസഹായം, ഭവന വായ്പാ പദ്ധതി, പ്രസവാനുകൂല്യം, മരണാനന്തര ധനസഹായം, വിദ്യാഭ്യാസ ധനസഹായം എന്നീ ആനുകൂല്യങ്ങളും 60 വയസ്സ് പൂർത്തിയാകുമ്പോൾ അംഗത്വ വിഹിതം അടവാക്കിയ കാലയളവിന് അനുസരിച്ച് പ്രതിമാസ ക്ഷേമനിധി പെൻഷനും അനുവദിച്ച വരുന്നു.

പ്രൊഫഷണൽ കോഴ്സുകളിൽ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭിച്ച്പഠനം നടത്തുന്ന കേരള മദ്രസ്സ അദ്ധ്യാപക ക്ഷേമനിധിയിലെ അംഗത്തിന്റെ മക്കൾക്ക് പ്രസ്തുത സ്ഥാപനത്തിലെ പഠനത്തിന് ആവശ്യമായ സർക്കാർ ഫീസിന് തുല്യമായ തുക വിദ്യാഭ്യാസ ധനസഹായമായി അനുവദിക്കുന്നതാണ്.

## ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ വഴി നടപ്പിലാക്കിവരുന്ന പദ്ധതികൾ

കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ കേരളത്തിലെ മതന്യൂനപക്ഷങ്ങളുടെ ക്ഷേമവും സാമ്പത്തിക ഉന്നമനത്തിനുമായി കുറഞ്ഞ പലിശ നിരക്കിൽ താഴെപ്പറയും പ്രകാരം വായ്പ പദ്ധതികൾ നൽകി വരുന്നുണ്ട്.

ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻറെ (NFMDFC) വായ്പാ തുക ഉപയോഗിച്ച് നടപ്പിലാക്കുന്ന വായ്പ പദ്ധതികൾ.

| പദ്ധതികൾ | പലിശ നിരക്ക് | പരമാവധി തുക | കാലാവധി | വ്യവസ്ഥകൾ |
|---|---|---|---|---|
| സ്വയംതൊഴിൽ പദ്ധതി (Credit Line-I) | 6% | 20 ലക്ഷം | 5 വർഷം | കുടുംബ വാർഷിക വരുമാനം ഗ്രാമങ്ങളിൽ 98,000/-ത്തിനും നഗരങ്ങളിൽ 1,20,000/-ത്തിനും താഴെ. പ്രായപരിധി 56 വയസ്സ്. |
| സ്വയംതൊഴിൽ പദ്ധതി (Credit Line-II) | സ്ത്രീ 6%<br>പുരു 8% | 30 ലക്ഷം | 5 വർഷം | കുടുംബ വാർഷിക വരുമാനം 8 ലക്ഷത്തിൽ താഴെ. പ്രായപരിധി 56 വയസ്സ്. |
| | 3% | | 5 വർഷം | കുടുംബ വാർഷിക |

| | | | | |
|---|---|---|---|---|
| വിദ്യാഭ്യാസ വായ്പ (Credit Line-I) | | 20 ലക്ഷം (ഇന്ത്യയിൽ) 30 ലക്ഷം (വിദേശം) | | വരുമാനം ഗ്രാമങ്ങളിൽ 98,000/-ത്തിനും നഗരങ്ങളിൽ 1,20,000/-ത്തിനും താഴെ. പ്രായപരിധി 16 32 വയസ്സ് |
| വിദ്യാഭ്യാസ വായ്പ (Credit Line-II) | സ്ത്രീ 5% പുരു 8% | 20 ലക്ഷം (ഇന്ത്യയിൽ) 30 ലക്ഷം (വിദേശം) | 5 വർഷം | കുടുംബ വാർഷിക വരുമാനം 8 ലക്ഷത്തിൽ താഴെ. പ്രായപരിധി 16 32 വയസ്സ് |
| മൈക്രോ ഫിനാൻസ് | NGO | SHG സ്വയം സഹായ സംഘം) | | സന്നദ്ധ സംഘടനകൾക്ക് ചുരുങ്ങിയത് ആറു മാസമെങ്കിലുംപ്രായമുള്ള സ്വയം സഹായഗ്രൂപ്പുകൾ ഉണ്ടായിരിക്കണം. കുടുംബ വാർഷിക വരുമാനം ഗ്രാമങ്ങളിൽ 98,000/-ത്തിനും നഗരങ്ങളിൽ 1,20,000/-ത്തിനും താഴെ. കാലാവധി 3 വർഷം |
| (Credit Line-I) | 2% 25 ലക്ഷം | 7% 20 ലക്ഷം | | |
| (Credit Line-II) | സ്ത്രീ 3% പുരു 5% 25 ലക്ഷം | സ്ത്രീ 8% പുരു 10% 30 ലക്ഷം | | |

## സംസ്ഥാന സർക്കാർ ഓഹരിമൂലധനം ഉപയോഗിച്ച് നടപ്പിലാക്കുന്ന വായ്പ പദ്ധതികൾ.

| പദ്ധതികൾ | പലിശ നിരക്ക് | പരമാവധി തുക | കാലാവധി | വ്യവസ്ഥകൾ |
|---|---|---|---|---|
| സ്വയംതൊഴിൽ വായ്പ (പൊതു വിഭാഗം) | 8% | 20 ലക്ഷം | 7 വർഷം | കുടുംബ വാർഷിക വരുമാനം 15 ലക്ഷത്തിൽ താഴെ. പ്രായപരിധി 58 വയസ്സ്. |
| ബിസിനസ്സ് വിപുലീകരണ വായ്പ | 8% | 5 ലക്ഷം | 5 വർഷം | കുടുംബ വാർഷിക വരുമാനം 15 ലക്ഷത്തിൽ താഴെ. പ്രായ പരിധി 56 വയസ്സ്. |
| വിദ്യാഭ്യാസ വായ്പ (പാരൻറ് പ്ലസ്) | 7% | 20 ലക്ഷം | 5 വർഷം | വരുമാന പരിധി ബാധകമല്ല. പ്രായപരിധി 65 വയസ്സ് |
| പ്രവാസി സ്വയംതൊഴിൽ വായ്പ | 5% 5% 10 ലക്ഷം 7 വർഷം കുടുംബ വാർഷിക വരുമാനം 8 ലക്ഷത്തിൽ താഴെ പ്രായ പരിധി 58 വയസ്സ് | 10 ലക്ഷം | 7 വർഷം | കുടുംബ വാർഷിക വരുമാനം 8 ലക്ഷത്തിൽ താഴെ |
| വിസ വായ്പ | 5% | 10 ലക്ഷം | 7 വർഷം | കുടുംബ വാർഷിക വരുമാനം 8 ലക്ഷത്തിൽ താഴെ പ്രായപരിധി 58 വയസ്സ് |
| ഭവന വായ്പ | 6% | 10 ലക്ഷം | 7 വർഷം | കുടുംബ വാർഷിക വരുമാനം 8 ലക്ഷത്തിൽ താഴെ പ്രായപരിധി 58 വയസ്സ് |
| അംഗീകൃത സർക്കാർ/ | 9% | 9% 5 ലക്ഷം | 5 വർഷം | കുടുംബ വാർഷിക വരുമാനം |

| | | | | |
|---|---|---|---|---|
| പൊതുമേഖലാ/ സഹകരണ ബാങ്ക്ഉദ്യോഗസ്ഥർക്കുള്ളവിവിധോദ്ദേശ വായ്പ | | | | 6 ലക്ഷത്തിൽ താഴെ. പ്രായപരിധി 55 വയസ്സ്. |
| മദ്രസ്സ അദ്ധ്യാപകർക്കുള്ള ഭവന വായ്പ | ഇല്ല | 2.5 ലക്ഷം | 7 വർഷം | കുടുംബ വാർഷിക വരുമാനം ഗ്രാമങ്ങളിൽ 98,000/-ത്തിനും നഗരങ്ങളിൽ 120,000/-ത്തിനും താഴെ. പ്രായപരിധി 30 നും 50 വയസ്സിനും ഇടയിൽ. |
| ന്യൂനപക്ഷവിദ്യാഭ്യാസസ്ഥാപനങ്ങൾക്കുള്ള വായ്പ | 9% | 10 ലക്ഷം | 7 വർഷം | കുറഞ്ഞത് 3 വർഷമെങ്കിലും മൈനോരിറ്റി തലത്തിൽ പ്രവർത്തിച്ച് വരുന്ന സ്ഥാപനം സുമിത്രം വായ്പ പദ്ധതി |
| വിവാഹ വായ്പ | 6% | 5 ലക്ഷം | 5 വർഷം | കുടുംബ വാർഷിക വരുമാനം 8 ലക്ഷത്തിൽ താഴെ പ്രായപരിധി 65 വയസ്സ് |
| ചികിത്സാ വായ്പ | 5% | 5 ലക്ഷം | 5 വർഷം | കുടുംബ വാർഷിക വരുമാനം 8 ലക്ഷത്തിൽ താഴെ പ്രായപരിധി 55 വയസ്സ് |

സെക്ഷൻ ഓഫീസർ